മെട്രോ വാർത്ത

09 January 2020

# മത്സ്യത്തൊഴിലാളികളെ മാറ്റിപാർപ്പിക്കണം

കൊച്ചി: കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളെ കടലോരങ്ങളിൽ നിന്നും മാറ്റിപാർപ്പിക്കണമെന്ന് നിർദേശം. എന്നാൽ, തീരദേശങ്ങളിൽ നിന്നും ദൂരസ്ഥലങ്ങളിലേക്ക് ഇവരെ മാറ്റരുതെന്ന് കന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന മൂന്നാമത് രാജ്യാന്തര മറൈൻ സിമ്പോസിയത്തിൽ അഭിപ്രായമുയർന്നു. കടലാക്രമണവും മറ്റ് പ്രകൃതിദുരന്തങ്ങളും പെരുകുമ്പോൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കടലോരങ്ങളിൽ നിന്നും അൽപം മാറി തീരദേശ റോഡിന്റെ കിഴക്ക് വശത്ത് സുരക്ഷിതമായി പുനരവധിസിപ്പിക്കണം. കടൽഭിത്തി നിർമ്മാണങ്ങൾ തീരദേശവാസികൾക്ക് വേണ്ടത്ര സുരക്ഷയൊരുക്കാൻ മതിയായതല്ലെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. കേന്ദ്രവും സംസ്ഥാനഭരണകൂടങ്ങളും തമ്മിൽ കൂടിയാലോചനകൾ സാധ്യമാകുന്ന വിധത്തിൽ സമുദ്രമത്സ്യ മേഖലയെ കൺകറന്റ് പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ബാംഗ്ലൂർ അസിംപ്രേംജി സർവകലാശാലയിലെ പ്രൊഫ ജോൺ കുര്യൻ അഭിപ്രായപ്പെട്ടു. സംസ്ഥാനങ്ങൾക്ക് മതിയായ അധികാരങ്ങൾ നൽകിക്കൊണ്ട് തന്നെ ഇന്ത്യൻ തീരങ്ങളിൽ ഏകീകൃതമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഇത് സഹായകമാകും.